**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4719** **20-07-2022 - ൽ മറുപടിയ്ക്ക്**

**തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയത് എന്നാണെന്ന് അറിയിക്കാമോ; | (എ) | തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിന് 04.03.2016-ൽ ഭരണാനുമതിയും, 19.08.2020-ൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | ഈ പ്രവൃത്തിയുടെ നിർമ്മാണ സ്ഥലം 15.02.2022-ൽ കരാറുകാരന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ നഗരസഭയുടെ അനുമതിയ്ക്കായി പ്ലാൻ സമർപ്പിച്ചപ്പോൾ സർക്കാർ കെട്ടിടം ആയതിനാൽ KMBR ചട്ടങ്ങൾക്കും തൊടുപുഴ നഗരസഭയുടെ മാസ്റ്റർ പ്ലാനിനും വിധേയമായിട്ടാണ് AR Drawing എന്നുള്ള സാക്ഷ്യപത്രം ഉണ്ടെങ്കിൽ District Town Planner, Chief Town Planner, സെക്രട്ടറി തുടങ്ങിയവരിൽ നിന്നുള്ള പ്രത്യേക അനുമതി ആവശ്യമില്ല എന്ന് മുൻസിപ്പാലിറ്റി അറിയിച്ചു എന്ന് ഇടുക്കി കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്ലാനിൽ മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപത്രം നൽകുന്നതിനായി AR Wing അയച്ചിട്ടുണ്ട്, ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ